# സീറോ മലബാർ സഭയ്ക്ക് ചരിത്ര മുഹൂർത്തം

## യൂറോപ്പിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി 2 വ്യക്തിഗത ഇടവകകൾ

**ഇംഗ്ലണ്ട്:** യൂറോപ്പിൽ സീറോ മലബാർ സഭയ്ക്ക് ആദ്യമായി രണ്ടു വ്യക്തിഗത ഇടവകകൾ അനുവദിച്ചു. മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അഭ്യർത്ഥന മാനിച്ച് ലങ്കാസ്റ്റർ രൂപത ബിഷപ് മൈക്കിൾ കാംബെൽ ഇടവകകൾ അനുവദിച്ചുകൊണ്ടുള്ള ഡിക്രി പുറത്തിറക്കി. വിശുദ്ധ അൽഫോൻസ, വിശുദ്ധരായ ചാവറ കുര്യാക്കോസ്, എവുപ്രാസ്യ എന്നിങ്ങനെയാണ് പുതിയ ഇടവകളുടെ പേരുകൾ. ഫാ. മാത്യു ജേക്കബ് ചൂരപൊയ്കയിലാണ് പുതിയ ഇടവകകളുടെ വികാരി.

പ്രസ്റ്റൺ കേന്ദ്രീകരിച്ചുള്ള സീറോ മലബാർ സഭാ വിശ്വാസികൾക്കായി രൂപീകരിച്ച വിശുദ്ധ അൽഫോൻസ ഇടവക സെന്റ് ഇഗ്നേഷ്യസ് പള്ളി പ്രാർത്ഥനാ ആവശ്യങ്ങൾക്കായി പ്രത്യേകമായി ഉപയോഗിക്കും. ലങ്കസ്റ്റർ രൂപതയിലെ മറ്റു സീറോ മലബാർ വിശ്വാസികൾക്കു വേണ്ടിയാണ് വിശുദ്ധരായ ചാവറ കുര്യാക്കോസ്, എവുപ്രാസ്യ ഇടവക രൂപീകരിച്ചത്. രൂപതയിലെ മറ്റു പള്ളികൾ ഇവരുടെ പ്രാർത്ഥനാവശ്യങ്ങൾക്കായി ഉപയോഗിക്കും.

പുതിയ ഇടവകകൾ അനുവദിച്ചതിൽ അതിയായ സന്തോഷവും കൃതജ്ഞതയുമുണ്ടെന്ന് വികാരി ഫാ. മാത്യു ജേക്കബ് പറഞ്ഞു. 'ലങ്കാസ്റ്റർ രൂപതാധ്യക്ഷന്റെ തീരുമാനം സീറോ മലബാർ സഭയ്ക്ക് ലഭിച്ച അംഗീകാരമാണ്' - അദ്ദേഹം പറഞ്ഞു.

"പുതിയ ഇടവകകളുടെ രൂപീകരണത്തോടെ ഇവിടുത്തെ സീറോമലബാർ വിശ്വാസികൾക്ക് ശക്തമായ ഐക്യബോധം പകരും. സാമൂഹിക സംസ്ക്കാര മേഖലകൾ വളരെ വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സീറോ മലബാർ സഭയുടെ ചരിത്രപരമായ വളർച്ചയ്ക്കും ഇത് കാരണമാകും" - ഫാ. മാത്യു ജേക്കബ് പറഞ്ഞു.

ലങ്കാസ്റ്റർ ബിഷപ് മൈക്കിൾ കാംബെൽ, സീറോമലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ ജോർജ് ആലഞ്ചേരിയും ചേർന്ന് പ്രസ്റ്റണിലെ സെന്റ് ഇഗ്നേഷ്യസ് ദേവാലയത്തിൽ വച്ച് പുതിയ ഇടവകകളുടെ ഉദ്ഘാടനവും ദിവ്യബലിയും നിർവഹിക്കുമെന്ന് ഫാ. മാത്യു ജേക്കബ് അറിയിച്ചു.